പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6173 | 02.04. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. യിൽ നിയമനം നിർത്തിവെച്ചതായുള്ള നിർദ്ദേശം

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നിലവിൽ കെ.എസ്.ഇ. ബിയിലെ പി.എസ്.സി വഴി യുള്ള എല്ലാ നിയമനങ്ങളും നിർത്തിവച്ച കൊണ്ട് എന്തെങ്കിലും ബോർഡ് ഓർഡറുകളോ സർക്കുലറുകളോ ഇറക്കിയിട്ടുണ്ടോ എന്ന വെളിപ്പെടുത്തുമോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ?<br>(ബി) കെ.എസ്.ഇ.ബി. യിലെ ഏതൊക്കെ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നിർത്തിവയ്ക്കുവാൻ ആണ് കേരള പി.എസ്.സി-യ്ക്ക നിർദ്ദേശം നൽകിയത് എന്ന് വെളിപ്പെടുത്തുമോ;<br>(സി) നിയമന നടപടികൾ നിർത്തിവച്ചത് കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പഠന റിപ്പോർട്ടിന്റെയോ , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 കെ.എസ്.ഇ.ബി.യിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലോ ആണോ എന്ന വെളിപ്പെടുത്തുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ? | (എ) (ബി) & (സി): KSEB യിലെ PSC വഴിയുള്ള എല്ലാ നിയമനങ്ങളും നിർത്തിവെച്ചു കൊണ്ട് ബോർഡ് ഉത്തരവുകളോ സർക്കുലറുകളോ ഇല്ല. എന്നാൽ KSEB യിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പുനഃസംഘടനയ്ക്കു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബോർഡ് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുകയാണ്.<br>ഇവയ്ക്കു പുറമെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ എന്നിവർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെ മാത്രമേ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ CEA റഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ, പരിശീലന പരിപാടികൾ എന്നിവ പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഈ കമ്മറ്റി, ആവശ്യമായ ജീവനക്കാരുടെ എണ്ണവും യോഗ്യതകളും സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. ബോർഡിന്റെ ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയാവുന്നതിനും അതുവഴി ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തും വരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള എല്ലാ നിയമനങ്ങളും താൽക്കാലികമായി മാറ്റി വെക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് വൈദ്യുതി ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങി നിലവിൽ റാങ്ക് ലിസ്റ്റുള്ള തസ്തികകളിൽ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തു വരുന്നുണ്ട്. നിയമന നിരോധനം സർക്കാർ നയമല്ലെന്നും ബോർഡിൽ ആവശ്യാനുസരണം ഒഴിവുകൾ തിട്ടപ്പെടുത്തി നിയമന നടപടികൾ മുന്നോട്ടു കൊണ്ട് പോകണമെന്നും ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ